## അടിയന്തരപ്രമേയം

### മർദ്ദനത്തെത്തുടർന്നുള്ള ആത്മഹത്യ

മി. സ്പീക്കർ: തിരുവല്ല പോലീസ് സ്റ്റേഷനിലേയ്ക്ക് വിളിച്ചുകൊണ്ടു പോയ സി.പി.ഐ.(എം) ബ്രാഞ്ച് സെക്രട്ടറി കിഴക്കുംമുറി രാധാ സദനത്തിൽ ഇ. ആർ. രാജപ്പൻ നായർ, പോലീസ് മർദ്ദനത്തിൽ മനംനൊന്ത് ആത്മഹത്യ ചെയ്ത സംഭവത്തിന് ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥരെ മാറ്റി നിർത്തിക്കൊണ്ട് അന്വേഷണം നടത്തുന്നതിനോ, കൊലക്കുറ്റത്തിന് കേസ്സെടുക്കുന്നതിനോ തയ്യാറാകാത്തതിനെത്തുടർന്ന് ആ പ്രദേശത്ത് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാ നടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ മാത്യൂ ടി. തോമസ്, എം. ചന്ദ്രൻ, വി. എസ്. സുനിൽകുമാർ, എ. എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, തിരുവല്ല കാവുംഭാഗം വില്ലേജിൽ കിഴക്കുംമുറി രാധാസദനത്തിൽ 45 വയസ്സുള്ള ഇ. ആർ. രാജപ്പൻ നായർ, 28–06–2012–ൽ ഉച്ചയ്ക്ക് രണ്ടുമണിയോടുകൂടി മദ്യപിച്ചശേഷം സ്കൂട്ടർ ഓടിച്ചുവന്ന് തിരുവല്ല കച്ചേരിപ്പടിയിലെ ഓട്ടോറിക്ഷാ സ്റ്റാന്റിൽ എത്തി. സ്കൂട്ടർ അവിടെവച്ച് വീണ്ടും മദ്യപിക്കാൻ പോകുന്നതിനായി ഓട്ടോറിക്ഷാ വിളിച്ചപ്പോൾ ആരും പോകാത്തതിനാൽ അവിടെ നിന്ന് ബഹളം വച്ചു. അതുകണ്ടുനിന്ന ഓട്ടോറിക്ഷാ ഡ്രൈവർമാർ പോലീസ് സ്റ്റേഷനിൽ പരാതി പറയാൻ പോയപ്പോൾ രാജപ്പൻ നായരും കൂടെപ്പോയി. രാജപ്പൻ നായർ മദ്യപിച്ചിരുന്നതിനാൽ

അയാളെ അവിടെ നിന്നും പറഞ്ഞയച്ചു. അദ്ദേഹം വീണ്ടും മദ്യപിച്ചതിനു ശേഷം പൊതുജനങ്ങൾക്ക് അപായമുണ്ടാകുന്ന വിധത്തിൽ വാഹനമോടിച്ച് ഓട്ടോറിക്ഷാ സ്റ്റാന്റിലെത്തി ബഹളം വയ്ക്കുന്നതായി അറിഞ്ഞ തിരുവല്ല പോലീസ് സ്റ്റേഷൻ അഡീഷണൽ എസ്.ഐ.യും സംഘവും സ്ഥല ത്തെത്തി അയാളെ കസ്റ്റഡിയിലെടുത്ത് മെഡിക്കൽ പരിശോധന നടത്തുകയും കേരള പോലീസ് ആക്ട് 118 (ഇ) വകുപ്പു പ്രകാരം ക്രൈം 928/2012 ആയി കേസ് രജിസ്റ്റർ ചെയ്തു. തുടർന്ന് വൈകിട്ട് 6.30-ന് ടിയാന്റെ ഭാര്യയുടെ ജാമ്യത്തിൽ ഇടനാട് പുത്തൻവീട്ടിൽ ശ്രീ. ഗോപിനാ ഥൻ പിള്ളയേയും അഡ്വക്കേറ്റ് രതീഷിന്റേയും സാന്നിദ്ധ്യത്തിൽ വിട്ടയച്ചു. രണ്ടു ദിവസം കഴിഞ്ഞ്  രാജപ്പൻ നായർ ആത്മഹത്യ ചെയ്യുന്ന സമയം വരെ പോലിസുകാർ അദ്ദേഹത്തെ മർദ്ദിച്ചതായി യാതൊരു പരാതിയും ഉണ്ടായിരുന്നില്ല. അദ്ദേഹം അവിടെ നിന്ന് ഭാര്യയോടൊപ്പം വീട്ടിലേയ്ക്ക് പോയതിനുശേഷവും മദ്യപിക്കാൻ പോയതായി വിവരം ലഭിച്ചിട്ടുണ്ട്. ഇതാണ് ഒഫീഷ്യലായി എനിക്ക് ലഭിച്ചിരിക്കുന്ന റിപ്പോർട്ട്. 28-ാം തീയതി അദ്ദേഹത്തെ ഭാര്യയോടൊപ്പം വീട്ടിലേയ്ക്ക് പോകാൻ അനുവദിച്ചിരുന്നു. 30-ാം തീയതിയാണ് അദ്ദേഹം ആത്മഹത്യ ചെയ്തതായി അറിയുന്നത്. .............(ബഹളം)............ നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ അവിടെ നിന്ന് ഒരു ആത്മഹത്യാകുറിപ്പ് ലഭിച്ചിട്ടുണ്ട്.  ആത്മഹത്യാക്കുറിപ്പിലെ കയ്യ ക്ഷരം ആരുടേതാണെന്ന് പരിശോധിച്ചതിനുശേഷം വിശദമായ നടപടി കളെടുക്കും. ഐ. ജി. ധർവേഷ് സാഹിബിനെയാണ് ഇതിന്റെ അന്വേഷണ ചുമതല ഏൽപ്പിച്ചിരിക്കുന്നത്. ലോക്കൽ പോലീസ് അവിടെ അന്വേഷണം നടത്തിയിരുന്നു. ആ അന്വേഷണത്തെ സംബന്ധിച്ച് ഇപ്പോൾ ചില പരാതി

കൾ എഴുതി തന്നിട്ടുണ്ട്. അതുകൊണ്ട് ഐ.ജി.യുടെ നേതൃത്വത്തിലുള്ള സംഘം ഇക്കാര്യത്തിൽ അന്വേഷണം നടത്തട്ടെ. അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. മാത്യു ടി. തോമസ്: സർ, ഉത്തരവാദിത്തപ്പെട്ട ഒരു പൊതു പ്രവർത്തകനെ ആത്മഹത്യചെയ്യുന്ന തരത്തിൽ മർദ്ദിച്ച ഉദ്യോഗസ്ഥരെ ശിക്ഷിക്കണമെന്നും അവർക്കെതിരെ നടപടിയെടുക്കണമെന്നുമാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ മറുപടി കേട്ടാൽ മരണപ്പെട്ട ആളിനെതിരെയുള്ള ചാർജ്ജ്ഷീറ്റ് അവതരിപ്പിക്കുകയാണെന്ന് തോന്നും. ആത്മഹത്യ ചെയ്ത ഒരാൾക്ക് എഴുന്നേറ്റ് വന്ന് പ്രതിരോധിക്കാൻ കഴിയാത്ത ആരോപണങ്ങൾ ഈ സഭയിൽ ഉത്തരവാദിത്തപ്പെട്ട ഒരു മന്ത്രി പറയുന്നത് ശരിയാണോ? സി.പി.ഐ.(എം)-ന്റെ ബ്രാഞ്ച് സെക്രട്ടറിയായ രാജപ്പൻ നായർക്കെതിരെ ആഭ്യന്തര വകുപ്പുമന്ത്രി ഉന്നയിച്ച പ്രതിരോധിക്കാൻ കഴിയാത്ത ആരോപണങ്ങൾ സ്വാഭാവിക നീതിയുടെ നിഷേധമാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. 28-06-2012 വ്യാഴാഴ്ച രണ്ടുമണിക്ക് ഗവൺമെന്റ് ആശുപത്രിക്കടുത്തുനിന്ന് വീട്ടിലേയ്ക്ക് പോകാൻ വിളിച്ച ഓട്ടോറിക്ഷാകാരനുമായി ഉണ്ടായ തർക്കത്തിനിടിയിൽ സ്ഥലത്തെത്തിയ പോലീസ് രാജപ്പൻ നായരെ തിരുവല്ല പോലീസ് സ്റ്റേഷനിലേയ്ക്ക് കൂട്ടികൊണ്ടുപോവുകയായിരുന്നു. ഏറെനേരമായിട്ടും കാണാതായപ്പോൾ ഭാര്യ അദ്ദേഹത്തിന്റെ ഫോണിലേയ്ക്ക് വിളിച്ചപ്പോൾ ഫോൺ എടുക്കുന്നത് തിരുവല്ല പോലീസ് സ്റ്റേഷനിലെ പോലീസാണ്. അപ്പോഴാണ് ഭർത്താവ് പോലീസ് സ്റ്റേഷനിലാണെന്ന് ഭാര്യ അറിയുന്നത്. ഭാര്യ ഗീതയും അവരുടെ മകൻ എട്ട് വയസ്സുള്ള മൂന്നാംക്ലാസ് വിദ്യാർത്ഥി രാഹുലുമായി

പോലീസ് സ്റ്റേഷനിൽ എത്തിയപ്പോൾ ഒരു ജാമ്യക്കാരനും കൂടി വന്നാൽ വിട്ടയയ്ക്കാമെന്ന് പോലീസ് ഉദ്യോഗസ്ഥർ പറഞ്ഞു. രാജപ്പൻ നായരുടെ ചിറ്റപ്പൻ ശ്രീ. ഗോപിനാഥൻ നായർ, സ്റ്റേഷനിലെത്തി. അപ്പോൾ പോലീസ് സ്റ്റേഷനിലുണ്ടായിരുന്ന മൂന്ന് പോലീസുകാർ രാജപ്പൻ നായരെ പുറകിൽ കൊണ്ടുപോയി അദ്ദേഹം മൂത്രമൊഴിക്കട്ടെയെന്ന് പറഞ്ഞു. മൂത്രമൊഴിക്ക ണ്ടായെന്ന് രാജപ്പൻ നായർ പറഞ്ഞപ്പോൾ നിങ്ങൾ ഇപ്പോൾ മൂത്രമൊഴി ച്ചാൽ മാത്രമേ ഇവിടെ നിന്ന് പോകാൻ സാധിക്കുകയുള്ളൂവെന്ന് അഡീഷ ണൽ എസ്.ഐ. പറഞ്ഞു. സി.പി.ഐ(എം)-ന്റെ ബ്രാഞ്ച് സെക്രട്ടറി എപ്പോൾ മൂത്രമൊഴിക്കമെന്ന് തീരുമാനിക്കുന്നത് പോലീസ് ഉദ്യോഗസ്ഥ രാണോ? മൂത്രമൊഴിക്കാനെന്ന വ്യാജേന ബലമായി പുറകിലേയ്ക്ക് കൂട്ടി ക്കൊണ്ടുപോയശേഷം □എന്നെ കൊല്ലരുതേ, കൊല്ലരുതേ□ എന്ന അലർച്ച യാണ് അവിടെ കേൾക്കുന്നത്. അതിനുശേഷം രാജപ്പൻ നായർ ഭാര്യയു ടേയും മകന്റേയും മുമ്പിലേയ്ക്ക് മറിഞ്ഞു വീഴുന്നതാണ് കാണുന്നത്. ഇങ്ങനെ വീഴുന്നത് കണ്ടുനിന്ന ഭാര്യ അലറി വിളിക്കാൻ തുടങ്ങി. മൂന്നാം ക്ലാസ് വിദ്യാർത്ഥിയായ എട്ട് വയസ്സുകാരൻ മകൻ രാഹുൽ ഇതു കണ്ട് ഭയന്ന് പോലീസ് സ്റ്റേഷനിൽ നിന്ന് ഓടിപ്പോവുകയാണുണ്ടായത്. ആ കുട്ടി എന്തെങ്കിലും അബദ്ധം കാണിക്കുമെന്ന് വിചാരിച്ച് അവിടെ നിന്ന പോലീ സുകാർ രാഹുലിന്റെ പുറകേയോടി. അവർ രാഹുലിനെ തിരികെക്കൊണ്ടു വന്നു. ചാനലുകളിൽ പ്രത്യക്ഷപ്പെട്ട ഈ കുട്ടി □അച്ഛനെ ഉപദ്രവിക്കുന്നത് ഞാൻ കണ്ടുവെന്നും പിന്നീട് അച്ഛൻ ബോധംകെട്ട് വീണുവെന്നും□ പറ ഞ്ഞു. ഈ കുട്ടിയെ ഓടിച്ച് തിരിച്ചുകൊണ്ടുവന്ന പോലീസുകാരന് സംഗതി കൾ വഷളാകുമെന്ന് മനസ്സിലായപ്പോൾ ജാമ്യരേഖകളിൽ ഒപ്പിട്ട് വീട്ടിലേയ്ക്ക് പോകാൻ പറഞ്ഞു. അപ്പോഴേയ്ക്കും രാജപ്പൻ നായരുടെ

വലതുകൈ പൊങ്ങുന്നില്ല. ജാമ്യ രേഖകൾ ഒപ്പിടാൻ കഴിയുന്നില്ല. ഇടതു കൈകൊണ്ട് ഒപ്പിടാമെന്ന് പറഞ്ഞപ്പോൾ അതിന് പോലീസുദ്യോഗസ്ഥർ സമ്മതിച്ചില്ല. വലതുകൈകൊണ്ടുതന്നെ ഒപ്പിടണമെന്ന് പറഞ്ഞു. ഭാര്യകൂടി സഹായിച്ച് വലതുകൈകൊണ്ട് ഒപ്പിട്ടശേഷം രാജപ്പൻ നായർ സ്റ്റേഷനിൽ നിന്ന് മടങ്ങി. 28-ാം തീയതിയാണ് ഈ സംഭവം നടക്കുന്നത്. ആത്മാഭിമാനത്തിന് ക്ഷതമേറ്റ സി.പി.ഐ(എം)-ന്റെ ബ്രാഞ്ച് സെക്രട്ടറി രാജപ്പൻ നായർ 29-ാം തീയതി വെള്ളിയാഴ്ച വീട്ടിൽ നിന്ന് പുറത്തുപോകാൻ തയ്യാറായില്ല. □എന്നെക്കൊണ്ട് ഇനി പണികളൊന്നും ചെയ്യാൻ കഴിയില്ലായെന്ന്□ അദ്ദേഹം പറഞ്ഞു. 75 വയസ്സുള്ള അമ്മയും ഭാര്യയും മകനോടുമൊപ്പം ചായക്കട നടത്തി ജീവിക്കുന്ന അദ്ദേഹം, □എനിക്ക് പുറത്തിറങ്ങി പണികളൊന്നും ചെയ്യാൻ കഴിയില്ലാ□ യെന്ന് പറഞ്ഞു. അന്നത്തെ ദിവസം മുഴുവൻ അദ്ദേഹം കട്ടിലിൽ കിടന്നു, ഭക്ഷണം കഴിക്കുന്നില്ല, ഞാൻ ഇനി ജീവിക്കാൻ തയ്യാറല്ലായെന്ന് അദ്ദേഹം പലരോടും പറഞ്ഞു. അദ്ദേഹത്തിന്റെ ഭാര്യ ഗീത, മുനിസിപ്പാലിറ്റിയിലെ ശുചീകരണ തൊഴിലാളിയാണ്. അവർ അന്ന് പണിക്കുപോകാതെ കൂട്ടിരുന്നു. അങ്ങനെ മുഴുവൻ നേരവും കാവലിരുന്നാണ് 29-ാം തീയതി കഴിച്ചുകൂട്ടിയത്. അവർ പണിക്കുപോയില്ലെങ്കിൽ വീടു കഴിയില്ല. കാരണം, ഭർത്താവ് ജോലിക്കുപോകുന്നില്ല. 30-ാം തീയതി ഭാര്യ മുനിസിപ്പാലിറ്റിയിൽ ചവറുവാരാൻ പോയി. തിരികെ വരുമ്പോൾ ഭർത്താവ് തൂങ്ങിനിൽക്കുന്നതാണ് കണ്ടത്. അവരുടെ അലർച്ചകേട്ട് ആളുകൾ ഓടിക്കൂടി മൃതദേഹം തുടർ നടപടികൾക്കായി കൊണ്ടുപോയി. പിറ്റേ ദിവസം, ആ മുറിയിൽ നിന്ന് കണ്ടെത്തിയ ആത്മഹത്യാക്കുറിപ്പിലെ കയ്യക്ഷരത്തെ സംബന്ധിച്ച് ഗവേഷണം നടത്തുന്നുവെന്നാണ് ബഹുമാനപ്പെട്ട

ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെ പറഞ്ഞത്. കയ്യക്ഷരം വളരെ മോശമാണ്. ആത്മഹത്യ ചെയ്യാൻ പോകുന്ന ഒരാളിന്റെ ആ സമയത്തെ മാനസ്സികനില യിൽ കയ്യക്ഷരം വളരെ മോശമായിക്കാണും. □ഗീത എന്നോട് ക്ഷമിക്കൂ, ഇന്നലെ പോലീസ് മർദ്ദിച്ചതിനാലാണ് ഞാൻ ഇത് ചെയ്യുന്നത്, എന്റെ സകല സ്വത്തിനും അവകാശി മോനായിരിക്കും - എന്ന് രാജപ്പൻ നായർ□. സർക്കിൾ ഇൻസ്പെക്ടർക്കുവേണ്ടി മറ്റൊരു കത്തും എഴുതി വച്ചിട്ടുണ്ട്. കയ്യക്ഷരം വളരെ മോശമായതിനാൽ എ.എസ്.ഐ.യ്ക്കുപകരം എസ്.എ. ഐ.പി. എന്നാണ് എഴുതിവച്ചിരിക്കുന്നത്. □എസ്.എ.ഐ.പി. യാണ് എന്നെ മർദ്ദിച്ചത്, അതുകൊണ്ട് ഞാൻ ആത്മഹത്യചെയ്യുന്നു□വെന്ന് സർക്കിൾ ഇൻസ്പെക്ടർക്ക് ഒരു ആത്മഹത്യാക്കുറിപ്പെഴുതി വച്ചിട്ടുണ്ട്. ആ ആത്മഹ ത്യാക്കുറിപ്പിലെ കയ്യക്ഷര പരിശോധനയാണ് ഇപ്പോൾ നടക്കുന്നത്. പരി ശോധിച്ചോളൂ. പരിശോധന നടക്കട്ടെ? ഭാര്യ ഇതുസംബന്ധിച്ച് കൊടുത്തി ട്ടുള്ള പരാതി, വിശദമായി ഞാനിവിടെ വായിക്കുന്നില്ല. എന്നാലും പ്രധാന പ്പെട്ട കാര്യങ്ങൾ പറയാതിരിക്കാൻ നിവൃത്തിയില്ല. ഭർത്താവിനെ പോലീസ് അറസ്റ്റ് ചെയ്തുവെന്നറിഞ്ഞുകൊണ്ട് ഞാൻ എന്റെ മകനേയും കൂട്ടി സ്റ്റേഷ നിൽ ചെല്ലുകയും എന്റെ ഭർത്താവാണ് സ്റ്റേഷനിൽ നിൽക്കുന്നതെന്നും അദ്ദേഹത്തിന്റെ വിവരം അന്വേഷിക്കാൻ വന്നതാണെന്നും അവിടെയുണ്ടാ യിരുന്ന പോലീസ് ഉദ്യോഗസ്ഥനോട് പറഞ്ഞപ്പോൾ നിങ്ങൾ ഒരാളെക്കൂടി വിളിച്ചുകൊണ്ടുവന്ന് അദ്ദേഹത്തെ ജാമ്യത്തിൽ ഇറക്കിക്കൊണ്ടുപോകാൻ പോലീസ് ഉദ്യോഗസ്ഥൻ ആവശ്യപ്പെട്ടു. എന്റെ ചിറ്റപ്പനായ ശ്രീ. ഗോപിനാ ഥൻ പിളളയെ ഫോണിൽ ബന്ധപ്പെട്ട് സ്റ്റേഷനിലേയ്ക്ക് വരാൻ ഞാൻ പറ ഞ്ഞു. ഈ സമയം സ്റ്റേഷനിൽ ഞാനും എന്റെ കുഞ്ഞും നിൽക്കുകയായി രുന്നു. ഞങ്ങളുടെ അടുത്തായിരുന്നു എന്റെ ഭർത്താവ് നിന്നിരുന്നത്. ഈ

സമയം സ്റ്റേഷനിൽ ചാർജ്ജുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥൻ അവിടെയുണ്ടായിരുന്ന പോലീസുകാരോട് എന്റെ ഭർത്താവിനെ മൂത്രമൊഴിക്കാനായി അകത്തേയ്ക്ക് കൊണ്ടുപോകാൻ പറഞ്ഞു. എനിക്ക് മൂത്രമൊഴിക്കണ്ടെന്ന് എന്റെ ഭർത്താവ് ബന്ധപ്പെട്ട ഉദ്യോഗസ്ഥനോട് പറഞ്ഞു. പോലീസ് ഉദ്യോഗസ്ഥന്റെ ആജ്ഞ കേട്ട 3 പോലീസുകാർ എന്റെ ഭർത്താവിനെ തള്ളിമാറ്റി ലോക്കപ്പ് മുറിയുടെ അടുത്തേയ്ക്ക് കൊണ്ടുപോയി. ഞാനും എന്റെ മകനും അവിടെത്തന്നെ നിന്നു. അല്പസമയത്തിനകം എന്റെ ഭർത്താവ് 'എന്നെ കൊല്ലരുതേ' എന്നുവിളിച്ചുകൊണ്ട് മുമ്പോട്ട് മറിഞ്ഞുവീഴുന്നതാണ് ഞങ്ങൾ കണ്ടത്. ഭർത്താവിന്റെ നിലവിളികേട്ട് ഞാനും അലറിക്കരഞ്ഞു. ഇതെല്ലാം കണ്ട് ഭയന്ന എന്റെ മകൻ കരഞ്ഞുവിളിച്ചുകൊണ്ട് സ്റ്റേഷനിൽ നി.ന്നും ഇറങ്ങിയോടി. മകന്റെ പുറകേ ഓടിപ്പോയ പോലീസുകാരൻ അവനെ പിടിച്ചുകൊണ്ടുവന്നു. ഈ സമയത്ത് പോലീസ് സ്റ്റേഷനിലുണ്ടായിരുന്ന എല്ലാ പോലീസുകാരെയും എനിക്ക് കണ്ടാൽ അറിയാം. മറ്റ് കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഭാര്യയുടെ പരാതിയാണ് ഇത്. ഇതിനെസംബന്ധിച്ച് പത്രങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എല്ലാ പത്രങ്ങളും ഞാൻ വായിക്കുന്നില്ല. ദേശാഭിമാനി, മലയാള മനോരമ, ജനയുഗം എന്നീ പത്രങ്ങളിൽ ഈ റിപ്പോർട്ടുണ്ട്. ജനയുഗത്തിൽ ഈ വാർത്ത വളരെ വിശദമായിട്ടുണ്ട്. എല്ലാവർക്കും സ്വീകാര്യമായ മംഗളം പത്രം ഞാൻ വായിക്കാം. അതിൽ പറയുന്നത്, രാജപ്പൻ നായരെ ജാമ്യത്തിലിറക്കാൻ പോലീസ് ആവശ്യപ്പെട്ടതനുസരിച്ച് സ്റ്റേഷനിലെത്തിയ ഭാര്യയുടേയും 8 വയസ്സുള്ള മകന്റേയും മുന്നിൽവച്ച് ക്രൂരമായി മർദ്ദിക്കുകയായിരുന്നു. അലറിവിളിച്ച് രാജപ്പൻ നായർ താഴെവീഴുന്നത് കണ്ട മകൻ കരഞ്ഞുകൊണ്ട്

പുറത്തേയ്ക്ക് ഓടി. പിന്നാലെ ഓടിപ്പോയ പോലീസുകാരാണ് കുട്ടിയെ തിരികെ സ്റ്റേഷനിൽ കൊണ്ടുവന്നത്. ജാമ്യപേപ്പറിൽ ഒപ്പുവയ്ക്കാൻ വലതുകൈ ഉയർത്താൻപോലും കഴിയാത്ത അവസ്ഥയിലായ രാജപ്പൻ നായർ അടുത്ത ദിവസം ആത്മഹത്യ ചെയ്യുകയായിരുന്നു. പോലീസ് ക്രൂരമായി മർദ്ദിച്ചതിന്റെ മനോവിഷമം മൂലം ആത്മഹത്യ ചെയ്യുകയാണെന്നുള്ള ആത്മഹത്യാ കുറിപ്പ് എഴുതിവച്ചിട്ടാണ് രാജപ്പൻ നായർ വീടിനുള്ളിൽ തൂങ്ങിമരിച്ചത്. ഇത് സി.പി.ഐ.-യുടെ ബ്രാഞ്ച് സെക്രട്ടറിയുടെ കാര്യമാണ്. രാഷ്ട്രീയ പ്രവർത്തകരോട് ഇതാണ് സമീപനമെങ്കിൽ പോലീസ് സ്റ്റേഷനിൽ ചെല്ലുന്ന സാധാരണക്കാരായ ജനങ്ങളോട് കേരളത്തിലെ പോലീസ് എന്ത് സമീപനമായിരിക്കും സ്വീകരിക്കുന്നത്? യു.ഡി.എഫ്.-ന്റെ തെറ്റായ പോലീസ് നയത്തിന്റെ ഫലമായിട്ടാണ് ഈ വിലപ്പെട്ട ജീവൻ ഇപ്പോൾ നഷ്ടപ്പെട്ടത്. സമരം ചെയ്യുന്ന കുട്ടികളോട് നിഷ്ഠൂരമായി പെരുമാറുന്ന പോലീസ്, താഴെ വീണുകിടന്ന് കീഴടങ്ങിക്കഴിഞ്ഞ, കീഴ്പ്പെടുത്തിക്കഴിഞ്ഞ ആളുകളെപ്പോലും തല്ലിച്ചതയ്ക്കുന്ന പോലീസ്, സ്റ്റേഷനിൽ ചെല്ലുന്ന ആരേയും ആദ്യം മർദ്ദിക്കുക, പിന്നെ ചോദ്യം ചെയ്യുക എന്നുള്ള പുതിയ രീതി സ്വീകരിച്ചിരിക്കുകയാണ്. ഈ പോലീസിന്റെ ധിക്കാരം യു.ഡി.എഫ്. ഭരണകാലത്ത് മാത്രമാണ്. കേസിന്റെ സ്വഭാവം നോക്കാതെ എല്ലാവരേയും ക്രിമിനലായി കണ്ട് മർദ്ദിക്കുന്ന ഒരു നയമാണ് ഇന്ന് പോലീസ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പൈശാചികമായ മൂന്നാം മുറ പോലീസിൽ തിരികെയെത്തി എന്നതിന്റെ തെളിവാണ് ഈ മരണം. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മാറി യു.ഡി.എഫ്. ഗവൺമെന്റ് വന്നതിനുശേഷം ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്തിരുന്നത് ശ്രീ. ഉമ്മൻ ചാണ്ടിയാണ്. ഇന്ന് ശ്രീ. ഉമ്മൻ ചാണ്ടി മാറി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനായി. ഒരേ പാർട്ടി,

ഒരേ ധാര, ഒരേ ജില്ലക്കാർ, ഒരേ തൂവൽപ്പക്ഷികളായി വന്നവരാണ് ഇവർ. ശ്രീ. ഉമ്മൻ ചാണ്ടിയായിരുന്നപ്പോൾ പോലീസിന് കിട്ടിയിരുന്ന വീര്യം ഇന്ന് ഇരട്ടി വീര്യമായി. ശ്രീ. ഉമ്മൻ ചാണ്ടി കേരളത്തിന്റെ മുഖ്യമന്ത്രിയും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, കോട്ടയം ജില്ലക്കാരൻ, ശ്രീ. ഉമ്മൻ ചാണ്ടി യുടെ മാനസപുത്രൻ ആഭ്യന്തര വകുപ്പുമന്ത്രിയുമായപ്പോൾ ഇന്ന് ഇരട്ടി വീര്യത്തോടുകൂടി പോലീസ് നിരപരാധികളെ ആക്രമിക്കുകയാണ്. ഇന്നലെ തിരുവല്ലയിൽ ഹർത്താൽ ആചരിച്ചു. രാവിലെ മുതൽ പോലീസ് തിരുവല്ലയിൽ സംഘർഷം സൃഷ്ടിക്കുകയായിരുന്നു. ഹർത്താലിന് കടകൾ തുറന്നുവയ്ക്കണമെന്ന് വ്യാപാരികളോട് നിർബന്ധപൂർവ്വം ആവശ്യപ്പെടുന്ന സമീപനമാണ് തിരുവല്ലയിൽ പോലീസ് സ്വീകരിച്ചത്. വ്യാപാരികൾ വളരെ യധികം വിഷമിച്ചു. അതിദാരുണമായ ഒരു ആത്മഹത്യയിൽ പ്രതിഷേധിച്ച് കടകൾ അടയ്ക്കാൻ അവർ ആഗ്രഹിക്കുമ്പോൾ അടയ്ക്കാൻ പാടില്ലെന്ന് നിർബന്ധപൂർവ്വം പോലീസ് പറഞ്ഞുകൊണ്ടിരിക്കുന്ന സ്ഥിതിയാണ്. രാജ പ്പനെ മർദ്ദിച്ച പോലീസുകാർക്കെതിരെ കൊലക്കുറ്റത്തിന് കേസെടുക്കാൻ തയ്യാറുണ്ടോ? അവരെ സർവ്വീസിൽ നിന്ന് മാറ്റിനിർത്തണം. ഇവരെ സംര ക്ഷിക്കുന്ന നിലപാട് ആ പ്രദേശത്തെ ജനങ്ങളിൽ വലിയ ഭീതിയുണ്ടാക്കിയി രിക്കുകയാണ്. അതുകൊണ്ട് മരണപ്പെട്ടുപോയ ആൾക്കെതിരെ കേസെടു ക്കാൻ, അയാൾക്കെതിരെ പ്രതിരോധിക്കാൻ കഴിയാത്ത, ആരോപണമുന്നയി ക്കാൻ മിനക്കെടുന്നതിനുപകരം ആത്മഹത്യ ചെയ്യേണ്ടിവന്ന ഒരു പൊതുപ്ര വർത്തകനെ വീണ്ടും അവഹേളിച്ച് അപമാനിക്കുന്ന കുറ്റവാളികളായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കണം. നടപടിയെടുക്കാത്ത തിൽ ആ നാട്ടിൽ വലിയ ഭീതിയുണ്ടായിരിക്കുന്നു. സഭ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇവിടെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം വന്നത് ഒരാളിനെ മൂത്രമൊഴിപ്പിക്കാമോ, ഇല്ലയോ എന്നത് സംബന്ധിച്ചാണ്. .....(ബഹളം).... ഇവിടെ ശ്രീ. മാത്യു ടി. തോമസ് പറഞ്ഞതിന് മറുപടി പറയണ്ടേ? .....(ബഹളം).....ശ്രീ. മാത്യു. ടി. തോമസ് പറഞ്ഞതിന്.....ഇവിടെ ഡോക്ടറുടെ സർട്ടിഫിക്കറ്റാണ് കിട്ടിയിട്ടുള്ളത്....(ബഹളം)........

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്....പ്ലീസ്....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഡോക്ടറുടെ സർട്ടിഫിക്കറ്റിനകത്ത് 18-ാം കോളത്തിൽ പറഞ്ഞിട്ടുള്ളത്, Whether urine and blood taken and preserved for chemical examination. എന്നാണ്. കെമിക്കൽ എക്സാമിനേഷനുവേണ്ടി കുറ്റവാളികളുടെ ബ്ലഡും യൂറിനും എടുത്തിട്ടുണ്ടോ എന്നുള്ളത് ഈ ഫോർമാറ്റിലെ ഒരു ചോദ്യമാണ്. ആ ചോദ്യത്തിനുത്തരമായി .....(ബഹളം).......കേൾക്കൂ........ഞാൻ ഒന്നുപറഞ്ഞോട്ടെ.....ആ ചോദ്യത്തിന് ഉത്തരം എഴുതണ്ടേ? അതിനുവേണ്ടി .......(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്....പ്ലീസ്....(ബഹളം).....ഇവിടെ പറഞ്ഞതിന് മറുപടി പറയട്ടെ........(ബഹളം)......പ്ലീസ്....പ്ലീസ്......അദ്ദേഹം സംസാരിക്കട്ടെ.......പ്ലീസ്....പ്ലീസ്.....ബഹുമാനപ്പെട്ട മിനിസ്റ്ററെ സംസാരിക്കാൻ അനുവദിക്കണം. പ്ലീസ്.......പ്ലീസ്.....ബഹുമാനപ്പെട്ട മിനിസ്റ്റർ മറുപടി പറയട്ടെ ......(ബഹളം)......

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇതൊക്കെ നിയമപരമായ വശങ്ങളാണെന്ന് എല്ലാവർക്കുമറിയാം. ഈ ഫോർമാറ്റിനകത്ത് അത് ഫിൽഅപ്പ് ചെയ്യണമെങ്കിൽ അതല്ലാതെ വല്ല മാർഗ്ഗവുമുണ്ടോ? ......(ബഹളം)....

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട രാജൂ......പ്ലീസ്.....പ്ലീസ് ....(ബഹളം)......പ്ലീസ്.....പ്ലീസ്......

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: രണ്ടാമത്തേത്, ഈ ഫോർമാറ്റിനകത്തെ 10-ാമത്തെ കോളത്തിലെ smell of alcohol എന്നാണ്. അതിന് ഡോക്ടറുടെ സർട്ടിഫിക്കറ്റുണ്ടോ എന്ന് അവിടെ നിന്ന് ഒരു മാന്യസുഹൃത്ത് വിളിച്ചുചോദിച്ചു. ഇത് ഡോക്ടറുടെ സർട്ടിഫിക്കറ്റാണ്. ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്. ഈ രണ്ട് കാര്യങ്ങളും അങ്ങ് തന്നെ പരിശോധിച്ചാൽ മതി. ഇവിടെ ശ്രീ. മാത്യു ടി. തോമസ് പറഞ്ഞ രാഷ്ട്രീയ കാര്യങ്ങളെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. ഒരു പൊതുപ്രവർത്തകൻ എന്നുള്ള നിലയിൽ ആ പൊതുപ്രവർത്തകനോട് കാണിക്കേണ്ട എല്ലാ മാന്യതയും കാണിച്ചേ മതിയാകൂ എന്ന നിർബന്ധം ഈ ഗവൺമെന്റിനുണ്ട്. അതു കൊണ്ട് ആ മാന്യതയുടെ ഒരംശം പോലും വിട്ടുവീഴ്ച ഇല്ലാതെ തന്നെ പാലിക്കും. ഈ കാര്യത്തെ സംബന്ധിച്ച് ചില സംശയങ്ങൾ പറഞ്ഞതു കൊണ്ട്, സാധാരണഗതിയിൽ ഈ കേസ് ആ പോലീസ് സ്റ്റേഷനിൽത്തന്നെ അന്വേഷിക്കാവുന്നതാണെങ്കിലും ഐ.ജി.-യുടെ നേതൃത്വത്തിലുള്ള ഒരു സംഘം അന്വേഷിച്ച് കുറ്റക്കാർ ആരൊക്കെയാണ് എന്ന് കണ്ടുപിടിക്കട്ടെ. ശ്രീ. മാത്യു ടി. തോമസ് ഇവിടെ ഉന്നയിച്ച കാര്യങ്ങൾ കൂടി ആ അന്വേഷണ സംഘത്തിന്റെ മുമ്പിൽ നമ്മൾ കൊടുക്കും. ആ അന്വേഷണ സംഘമെടുക്കുന്ന തീരുമാനമനുസരിച്ച് ഗവൺമെന്റ് ശക്തിയായി ആക്ട് ചെയ്യും. അതുകൊണ്ട് ഇക്കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ലെന്നുള്ളതാണ് ഗവൺമെന്റിന്റെ അഭിപ്രായം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു, സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്ന് തീരുമാനിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയ അവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷ നേതാവ് <u>(ശ്രീ. വി.എസ്. അച്ചുതാനന്ദൻ)</u>: സർ, സി.പി.ഐ.-യുടെ നേതാവായ രാജപ്പൻ നായർ പോലീസ് മർദ്ദനം മൂലം ദു:ഖിതനായി അപമാനഭാരം കൊണ്ട് വീട്ടിലെത്തിയതിനുശേഷം ആത്മഹത്യ ചെയ്തു. നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, അയാൾക്ക് മൂത്രമൊഴിക്കണ്ടെങ്കിലും മൂത്രമൊഴിപ്പിക്കാൻ പോലീസ് കൊണ്ടുപോയി എന്നാണ്. പോലീസുകാർ പറഞ്ഞ ന്യായങ്ങളാണ് അദ്ദേഹം ഇവിടെ വിവരിച്ചത്. പോലീസുകാരുടെ മന്ത്രി പോലീസുകാരുടെ ന്യായം പറഞ്ഞതിൽ അത്ഭുതപ്പെടാനില്ല. ഒരു രാഷ്ട്രീയ പ്രവർത്തകൻ അപമാനഭാരത്താൽ തൂങ്ങിമരിച്ചുവെന്നുള്ളതാണ് ഇവിടെ ഉണ്ടായിരിക്കുന്നത്. അതേക്കുറിച്ച് ന്യായമായ നിലയിൽ അന്വേഷിച്ച് ആവശ്യമായിട്ടുള്ള നടപടി സ്വീകരിക്കുമെന്ന് മാന്യമായി പറയുന്നതിനുപകരം പോലീസിനെ ന്യായീകരിക്കാൻവേണ്ടി ഉദ്ദണ്ഡവാദങ്ങൾ എല്ലാം ഇവിടെ നിരത്തുകയാണ്. പോലീസുകാരെത്തന്നെ അടിച്ചുകൊന്ന ആട് ആന്റണിയെ ഇതുവരെ പോലീസ് പിടിച്ചിട്ടില്ല. ഇതിലൂടെ തന്നെ നമ്മുടെ ആഭ്യന്തര വകുപ്പുമന്ത്രിയുടെ കഴിവ് വ്യക്തമാകുന്നുണ്ട്. ഇക്കാര്യത്തിൽ മാന്യമായ നിലയിലുള്ള നടപടി സ്വീകരിക്കാൻ അദ്ദേഹം തയ്യാറാകുകയാണ് വേണ്ടത്. രാജപ്പൻ നായർ പാവപ്പെട്ട ഒരു തൊഴിലാളിയായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യയാകട്ടെ, മുനിസിപ്പാലിറ്റിയിൽ ചവർ വാരി ജീവിക്കുന്ന ഒരു പാവപ്പെട്ട കുടുംബത്തിലെ അംഗവുമായിരുന്നു. ആ

പാവപ്പെട്ട കുടുംബത്തിലെ ഏകാവലംബമായ അവരുടെ ഭർത്താവ് അപമാനഭാരത്താൽ മരണപ്പെടുക എന്ന സ്ഥിതിയാണ് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്ന ആഭ്യന്തര വകുപ്പുമന്ത്രി ഭരിക്കുന്ന ഈ സംസ്ഥാനത്ത് ഉണ്ടായിരിക്കുന്നത്. ഉടൻതന്നെ അത്തരം നിരുത്തരവാദികളായിട്ടുള്ള പോലീസുകാർക്കെതിരായി ഞാൻ കർശന നടപടി സ്വീകരിക്കുമെന്ന ന്യായമായ, മാന്യമായ ഒരു മറുപടിയായിരുന്നു നമ്മുടെ മന്ത്രിയിൽ നിന്നുമുണ്ടാകേണ്ടിയിരുന്നത്. ഉടൻതന്നെ നിരുത്തരവാദികളായ ആ പോലീസ് ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടിയെടുത്ത് മേലിൽ ഇതുപോലെ ഈ സംസ്ഥാനത്തുണ്ടാകാൻ ഞങ്ങൾ സമ്മതിക്കില്ലെന്നുള്ള ഒരു പ്രഖ്യാപനമല്ലേ അദ്ദേഹം പ്രവൃത്തികൊണ്ട് കാണിക്കേണ്ടിയിരുന്നത്. അത് ചെയ്യാത്തതിൽ, ഈ ഗവൺമെന്റ് നടപടിയിൽ പ്രതിഷേധിച്ച് കൊണ്ട് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുകയാണ്.

(ശ്രീ. വി.എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

<u>ശ്രീ. സി. ദിവാകരൻ</u> : സർ, തിരുവല്ല പോലീസ് സ്റ്റേഷനിലേയ്ക്ക് നിരപരാധിയായ ഞങ്ങളുടെ പാർട്ടി ബ്രാഞ്ച് സെക്രട്ടറിയെയാണ് പിടിച്ചുകൊണ്ടുപോയത്. സാധാരണ പോലീസ് ഒരാളെ കസ്റ്റഡിയിലെടുക്കുമ്പോൾ അയാളുടെ പേരിൽ ഹർജിയോ പെറ്റീഷനോ കുറ്റപത്രമോ അന്വേഷണമോ എന്തെങ്കിലും കാണും. പെരുവഴിയിൽവച്ച് ഒരാളിനെ പോലീസ് തപ്പിക്കൊണ്ടുപോയി പോലീസ് സ്റ്റേഷനിൽ ആക്കുന്നു. അതിനുശേഷം ആരും അന്വേഷിക്കുന്നില്ല. സാധാരണഗതിയിൽ വീട്ടിലെത്തേണ്ട സമയം കഴിഞ്ഞപ്പോഴാണ് ഭാര്യ അന്വേഷിച്ചത്. ഭാര്യ ഭർത്താവിന്റെ സെൽഫോണിലേയ്ക്ക് വിളിച്ചപ്പോൾ ആ സെൽഫോൺ എടുത്തത് ഒരു പോലീസ് കോൺസ്റ്റബിളാണ്.

എങ്ങനെയാണ് ഇയാളുടെ സെൽഫോൺ വേറൊരു പോലീസ് ഉദ്യോഗസ്ഥനെടുക്കുന്നത്? അതിനുശേഷമാണ് ഭീകരമായ സംഭവങ്ങളെല്ലാം തിരുവല്ല പോലീസ് സ്റ്റേഷനകത്ത് നടന്നത്. ലോക്കപ്പ് മർദ്ദനം അവസാനിപ്പിച്ചുവെന്നുള്ളതാണ് എല്ലാ ഗവൺമെന്റുകളുടെയും നയം. ഇവിടെ ലോക്കപ്പ് മർദ്ദനത്തിലാണ് ഇയാൾ അവശനായത്. ഇനി ജീവിച്ചിരുന്നിട്ട് കാര്യമില്ല, ആരോഗ്യമില്ല, എല്ലാം തകർന്നുവെന്ന് ആ 43 വയസ്സുകാരൻ ചിന്തിച്ചിരിക്കാം. നമ്മളെല്ലാം മനുഷ്യരല്ലേ? നിങ്ങളെല്ലാം മന്ത്രിമാരും ഞങ്ങൾ മുൻമന്ത്രിമാരും എം.എൽ.എ.-മാരുമാണെങ്കിലും നമ്മളെയെല്ലാം പോലീസ് സ്റ്റേഷനിലിട്ടാൽ, നമ്മുടെ വീട്ടിലെ എട്ട് വയസ്സോ ഒമ്പത് വയസ്സോ ഉള്ള ഒരു കുട്ടിവരുമ്പോൾ ആ കുട്ടിയുടെ മുമ്പിലിട്ട് ആ കുട്ടിക്ക് ജന്മം നൽകിയ അവന്റെ അച്ഛനെ പട്ടിയെ തല്ലുന്നതുപോലെ തല്ലിയാൽ എന്തായിരിക്കും സ്ഥിതി? ആ ബാലന്റെ വികാരമെങ്കിലും നിങ്ങൾ മാനിക്കണ്ടേ? എന്ത് നിഷ്ഠൂരമായിട്ടാണ് നേരിട്ടറിയാത്ത ഒരു കാര്യത്തെക്കുറിച്ച് മന്ത്രി ഈ സഭയിൽ അദ്ദേഹത്തെ സ്വഭാവഹത്യ ചെയ്യുന്ന ഒരു പദപ്രയോഗം നടത്തിയത്. പോലീസ് പറയുന്നതെല്ലാം ബൈബിൾ വാക്യമാണോ? പൊതുപ്രവർത്തകരെക്കുറിച്ച് എല്ലാക്കാലത്തും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ പോലീസ് അറസ്റ്റു ചെയ്ത കാലത്തും ഇതേപോലെ പറഞ്ഞിരിക്കാം. നമ്മൾ അതൊന്നും അംഗീകരിക്കുന്നില്ല. ഇത് എന്റെ പാർട്ടിയുടെ ബ്രാഞ്ച് സെക്രട്ടറിയുടെ കൊലപാതകമാണ്. ഒരു ബ്രാഞ്ച് സെക്രട്ടറിയുടെ കൊലയിലേയ്ക്ക് നയിച്ച മർദ്ദനത്തിന്റെ പേരിൽ ഒരാളിന്റെ പേരിലെങ്കിലും നിങ്ങൾ ഇത്രയും സമയമായിട്ടും ഒരു ചെറിയ നടപടിപോലും എടുത്തില്ലല്ലോ? എന്ത് ഭീകരതയാണിത്? രണ്ടാമത്തെ കാര്യം, ആ കുടുംബം അധോഗതിയായി, അനാഥ

മായി. മലിനവസ്തുക്കൾ മാറ്റി ഉപജീവനം നടത്തുന്ന സ്വീപ്പറായ ഒരു സ്ത്രീയുടെ കുടുംബമാണ് അനാഥമായത്. ആ കുടുംബത്തിന് സാമ്പത്തിക സഹായം ചെയ്തുകൊണ്ട് ആ കുടുംബത്തെ വഴിയാധാരമാക്കിയ പോലീസ് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തുകൊണ്ട് അന്വേഷണം നടത്ത ണം. എല്ലാത്തിലും അന്വേഷണ കമ്മീഷനെന്ന് പറഞ്ഞിട്ട് കാര്യമില്ല. ഗവൺമെന്റ് ആക്ട് ചെയ്യണം. ഗവൺമെന്റ് ആക്ട് ചെയ്ത ശേഷം മറ്റ് നട പടികളെടുക്കണം. ഇത്രയും ഭീകരമായ ഒരു അവസ്ഥ ചർച്ച ചെയ്യാൻ ഈ സഭ വിനിയോഗിക്കാൻ കഴിഞ്ഞില്ല എന്നത് നിർഭാഗ്യകരമാണ്. നിർഭാഗ്യകര മായ ഈ സംഭവം ചർച്ച ചെയ്യാൻ ഇവർ സഹകരിക്കാത്തതിൽ പ്രതിഷേ ധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്..

(ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

<u>ശ്രീ. മാത്യു റ്റി. തോമസ്</u> : സർ, ആത്മാഭിമാനത്തിന് ക്ഷതമേറ്റ ഒരു പൊതുപ്രവർത്തകനാണ് ആത്മഹത്യ ചെയ്തത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : അങ്ങ് അടിയന്തരപ്രമേയത്തിന് അവതര ണാനുമതി തേടി സംസാരിച്ചതാണ്.

<u>ശ്രീ. മാത്യു റ്റി. തോമസ്</u> : ഞാൻ പ്രസംഗിക്കണ്ടേ? വാക്കൗട്ട് വേണ്ടേ? അവതരണാനുമതി തേടിയ ആൾ പ്രസംഗിക്കാൻ പാടില്ലായെന്നുണ്ടെങ്കിൽ ഞാൻ ഉപനേതാവിനെ ഏൽപ്പിക്കാം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : വേണ്ട, പ്രസംഗിക്കാം.

<u>ശ്രീ. മാത്യൂ. റ്റി. തോമസ്</u> : ആത്മാഭിമാനത്തിന് ക്ഷതമേറ്റു കഴിഞ്ഞാൽ ഒരു പൊതുപ്രവർത്തകന് പിടിച്ചുനിൽക്കാൻ കഴിയില്ല. ആത്മാ മാഭിമാനത്തിന് ക്ഷതമേറ്റതിൽ മനംനൊന്ത് ഒരാൾ ആത്മഹത്യ ചെയ്തതിനു

ശേഷം അയാളെ വീണ്ടും അപമാനിക്കുന്ന, തീർത്തും അപമാനിക്കുന്ന ഒരു നിലപാടാണ് സർക്കാർ സ്വീകരിച്ചത്. അത് അങ്ങേയറ്റം ഖേദകരമായിപ്പോയി. പോലീസ് അങ്ങനെ ഒരു റിപ്പോർട്ട് ബഹുമാനപ്പെട്ട മന്ത്രിക്ക് കൊടുത്തിട്ടുണ്ടാകും. ഇല്ലായെന്ന് ഞാൻ പറയുന്നില്ല. പക്ഷേ ആ റിപ്പോർട്ട് അതേപടി വായിക്കാതെ ഒരു പൊതുപ്രവർത്തകനാണെന്നും അദ്ദേഹത്തിന്റെ ആത്മാഭിമാനത്തിന് ക്ഷതമേറ്റതാണെന്നും മനസ്സിലാക്കി, അതിന്റെ നൊമ്പരം മൂലം ആത്മഹത്യ ചെയ്തതാണെന്നുളളതൊക്കെ മനസ്സിലാക്കി ഒരു മാനുഷിക പരിഗണനയെങ്കിലും കൊടുക്കാൻ ആഭ്യന്തര വകുപ്പുമന്ത്രി തയ്യാറാകേണ്ടിയിരുന്നു. മരണപ്പെട്ട ആളിനെ ഒരു തരത്തിലും ഡിഫെന്റ് ചെയ്യാൻ കഴിയാത്ത തരത്തിലുളള ആരോപണങ്ങൾ ഈ പരിപാവനമായ സഭയിൽ ഈ ഘട്ടത്തിൽ ഉന്നയിച്ചത് അങ്ങേയറ്റം ഖേദകരമായിപ്പോയി. സർക്കാരിന്റെ ഈ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. മാത്യു ടി തോമസും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

<u>ശ്രീ. എ. എ അസീസ്</u> : സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി റിപ്പോർട്ട് ചെയ്തതതിന്റെ അടിസ്ഥാനത്തിൽ പരിശോധനകൾ നടത്തുന്നത് ഇപ്പോൾ പോലീസുകാരാണ്. മൂത്രമെടുക്കുന്നത് പോലീസുകാരാണ്. ............അതേ, ഏത് ഫോർമാറ്റിലും മൂത്രമെടുക്കുന്നത് പോലീസുകാരല്ല. മദ്യപിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടത് ഹോസ്പിറ്റലിൽ കൊണ്ടുപോയശേഷം ഡോക്ടർമാരാണ്. മൂത്രമെടുത്ത് പരിശോധിക്കേണ്ടതും ആശുപത്രിയിലാണ്. ഇവിടെ ഇപ്പോൾ ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണന്റെ ഭരണത്തിൻകീഴിലാണോ പോലീസ് സ്റ്റേഷനിൽ പോലീസുകാർക്ക് ഈ അധികാരം കൊടുത്തത്? മനസ്സിലാകാത്ത ഒരു കാര്യമാണത്. പോലീസുകാർ

ഇപ്പോൾ മൂത്രപരിശോധന നടത്തുന്നു. പോലീസുകാർ ഇപ്പോൾ മദ്യപാന പരിശോധന നടത്തുന്നു. ആശുപത്രിയിൽ കൊണ്ടുപോയാണ് പരിശോധിക്കേണ്ടത്. അത് ഡോക്ടർമാരുടെ ജോലിയാണ്. പോലീസുകാരുടെ ജോലിയല്ല. ഇതൊക്കെ ചെയ്തതിനുശേഷം വീണ്ടും ഇപ്പോൾ ഈ ഭരണത്തിൻകീഴിൽ എന്താണ് സംഭവിച്ചിരിക്കുന്നത്? ലോക്കപ്പ് മർദ്ദനവും മൂന്നാം മുറയും. ഇത് നമ്മുടെ സംസ്ഥാനത്ത് ഇല്ലായ്മ ചെയ്തതല്ലേ? ഇത് ഒഴിവായതല്ലേ? ഇപ്പോൾ മൂന്നാംമുറ. ഭാര്യയുടെയും മകന്റെയും മുമ്പിൽവച്ച് അവർ നിൽക്കവേ മൂത്രമൊഴിപ്പിക്കാനെന്ന പേരിൽ അകത്തുകൊണ്ടുപോയി ഹീനമായി മർദ്ദിച്ച സംഭവം. വാസ്തവത്തിൽ ഇത് മാനക്കേടാണ്. മാനക്കേടെന്ന് പറയുന്നത് ഈ ഗവൺമെന്റിനുണ്ടാകുന്ന മാനക്കേട് മാത്രമല്ല, നമ്മുടെ സംസ്ഥാനത്ത് കേട്ടുകേൾവിയില്ലാത്ത ഒരു സംഭവമാണ്. ഇത്തരം സംഭവം നമ്മുടെ നാട്ടിലുണ്ടാകാൻ പാടില്ല. അതിന് ഭരണപക്ഷമെന്നോ പ്രതിപക്ഷമെന്നോയില്ലാതെ സഹകരിക്കേണ്ടതാണ്. അതുകൊണ്ടാണ് ഈ പ്രശ്നം ചർച്ച ചെയ്യണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടത്. മാനുഷിക മൂല്യത്തിന്റെ അടിസ്ഥാനത്തിലുളള ഈ പ്രശ്നം ചർച്ച ചെയ്യാൻ കൂട്ടാക്കാത്ത ഈ ഗവൺമെന്റിന്റെ ക്രൂരമായ സമീപനത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ശ്രീ. എ.എ. അസീസും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. എ.കെ. ശശീന്ദ്രൻ : സർ, അയ്യപ്പൻ നായരെന്ന ഒരു പൊതുപ്രവർത്തകനാണ് ആളുകളുടെ മുമ്പിൽ തലയുയർത്തി നടക്കാനാവില്ല എന്ന അവസ്ഥ സംജാതമായപ്പോൾ ആത്മഹത്യ ചെയ്തത്. അതിനിടയാക്കിയത് പോലീസാണ്. ഒരു പൊതുപ്രവർത്തകനെ ഒരു കാരണവുമില്ലാതെ അറസ്റ്റ്

ചെയ്യുക, പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി മർദ്ദിക്കുക. ഈ ഒരു ദു:സ്ഥിതി ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണനാണ് ഉണ്ടായതെങ്കിൽ അദ്ദേഹത്തിന് തലയുയർത്തി നടക്കാൻ കഴിയുമോ? എന്നിട്ട് അതിനെ ന്യായീകരിക്കാൻ മദ്യപിച്ചതാണെന്ന് വരുത്തിത്തീർക്കുന്നു. അതിന് അദ്ദേഹം ഒരു രേഖയും കൊണ്ടുവന്നു. ബഹുമാനപ്പെട്ട എ.എ. അസീസ് ഇവിടെ പറഞ്ഞതുപോലെ മദ്യപിച്ചോ ഇല്ലയോ എന്ന് പരിശോധിക്കുന്നത് ആരാണ്? ആൽക്കഹോളിന്റെ കണ്ടന്റ് ഉണ്ടോയെന്ന് അന്വേഷിക്കുന്നത് ആരാണ്? അറസ്റ്റ് ചെയ്താൽ അങ്ങനെ ഒരു സംഭവമുണ്ടെങ്കിൽ, അങ്ങനെ ഒരു സംശയമുണ്ടെങ്കിൽ ഡോക്ടറെയാണ് കാണിക്കേണ്ടത്. ആശുപത്രിയിലാണ് കൊണ്ടുപോകേണ്ടത്. അവിടെ കൊണ്ടുപോയാണ് പരിശോധിക്കേണ്ടത്. അങ്ങനെ ചെയ്യാതെ പോലീസുകാർക്ക് പറ്റിയ കൈപ്പിഴവിനെ ന്യായീകരിക്കാൻ അവർ നൽകിയ റിപ്പോർട്ട് ഒരു പൊതുപ്രവർത്തകനാണെന്ന മാന്യതപോലും കൽപ്പിക്കാതെ ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചത് പൊതുപ്രവർത്തകരെ അപമാനിക്കുന്നതിന് തുല്യമായ നടപടിയാണ്. അത്തരം ഒരു നടപടിയിലൂടെ പോലീസ് ഗുണ്ടാരാജിന് പച്ചക്കൊടി കാണിക്കുന്ന ഒരു നിലപാടാണ് ദൗർഭാഗ്യവശാൽ ആഭ്യന്തരവകുപ്പുമന്ത്രിയുടെയും ഗവൺമെന്റിന്റെയും ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. ആ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. എ.കെ. ശശീന്ദ്രനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

(ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരിച്ചെത്തി)

* * * * * * * * * * * * * * * * *